**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1813

05/12/2014-ൽ മറുപടിക്ക്

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എം.എൽ.എ. അദ്ധ്യക്ഷനായി നിയോജകമണ്ഡലം തലത്തിൽ മേൽനോട്ട സമിതികൾ എല്ലാ മണ്ഡലങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഇടുക്കി ജില്ലയിലെ മൂന്ന് മണ്ഡലങ്ങൾ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും എം.എൽ.എ.മാർ അധ്യക്ഷനായി മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും എത്ര തവണ യോഗം ചേർന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത യോഗം വിളിച്ച ചേർത്തത് ആരാണെന്ന് വ്യക്തമാക്കുമോ; | (സി) | അതാത് നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാരുടെ അധ്യക്ഷതയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ/അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറായാണ് യോഗങ്ങൾ വിളിച്ചു ചേർക്കുന്നത്. |
| (ഡി) വിളിച്ചുചേർത്ത യോഗങ്ങളിൽ ജനപ്രതിനിധികൾ എന്തെല്ലാം പരാതികളാണ് ഉന്നയിച്ചത്; പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്? | (ഡി) | അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നം. | ജില്ല | നിയോജക മണ്ഡലം | യോഗം ചേർന്ന തവണ |
|---|---|---|---|
| 1. | തിരുവനന്തപുരം | പാറശ്ശാല, നെയ്യാറ്റിൻകര, കോവളം, നേമം, തിരുവനന്തപുരം, വട്ടിയൂർക്കാവ്, കഴക്കൂട്ടം, കാട്ടാക്കട, അരുവിക്കര,നെടുമങ്ങാട്,വാമനപുരം, ചിറയിൻകീഴ്, ആറ്റിങ്ങൽ, വർക്കല | രണ്ട് തവണ |
| 2. | കൊല്ലം | പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കു ണ്ടറ, ചടയമംഗലം, ഇരവിപുരം, ചവറ, ചാത്തന്നൂർ, കൊല്ലം, കൊട്ടാരക്കര, പുനലൂർ | ഒരു തവണ |
| 3. | പത്തനംതിട്ട | തിരുവല്ല, അടൂർ, ആറന്മുള, കോന്നി, റാന്നി. | ഒരു തവണ |
| 4. | ആലപ്പുഴ | അരൂർ, ചേർത്തല, അമ്പലപ്പുഴ, മാവേലിക്കര | രണ്ട് തവണ |
| | | ആലപ്പുഴ, കുട്ടനാട്, ചെങ്ങന്നൂർ | ഒരു തവണ |
| | | ഹരിപ്പാട്, കായംകുളം | യോഗം ചേർന്നിട്ടില്ല |
| 5. | കോട്ടയം | പാലാ, പുതുപ്പള്ളി, കടുത്തുരുത്തി, വൈക്കം, ഏറ്റുമാനൂർ, പൂഞ്ഞാർ, ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി. | ഒരു തവണ |
| 6. | ഇടുക്കി | ഉടുമ്പൻചോല, പീരുമേട് | ഒരു തവണ |
| 7. | എറണാകുളം | പെരുമ്പാവൂർ, അങ്കമാലി, ആലുവ, പറവൂർ, വൈപ്പിൻ, കൊച്ചി, തൃപ്പൂണിത്തുറ, എറണാകുളം, തൃക്കാക്കര, പിറവം, മൂവാറ്റുപുഴ, കോതമംഗലം. | ഒരു തവണ |
| | | കളമശേരി, കുന്നത്തുനാട് | രണ്ട് തവണ |
| 8. | തൃശൂർ | മണലൂർ, നാട്ടിക, ചേലക്കര, കുന്നംകുളം, ഗുരുവായൂർ, വടക്കാഞ്ചേരി, ഒല്ലൂർ, തൃശ്ശൂർ, കയ്പമംഗലം, ഇരിങ്ങാലക്കുട, പുതുക്കാട്, ചാലക്കുടി, കൊടുങ്ങല്ലൂർ | ഒരു തവണ |
| 9. | പാലക്കാട് | പട്ടാമ്പി, ഷൊർണ്ണൂർ, മലമ്പുഴ, ആലത്തൂർ, തരൂർ, ചിറ്റൂർ, നെന്മാറ | ഒരു തവണ |
| | | കോങ്ങാട്, മണ്ണാർക്കാട്, ഒറ്റപ്പാലം, തൃത്താല, പാലക്കാട് | രണ്ട് തവണ |

| | | | |
|---|---|---|---|
| 10. | മലപ്പുറം | മങ്കട, മലപ്പുറം, വള്ളിക്കുന്ന്, തിരൂരങ്ങാടി, വേങ്ങര, ഏറനാട്, മഞ്ചേരി, തവനൂർ, താനൂർ പൊന്നാനി | ഒരു തവണ |
| | | തിരൂർ | രണ്ട് തവണ |
| | | കോട്ടക്കൽ, പെരിന്തൽമണ്ണ, കൊണ്ടോട്ടി, നിലമ്പൂർ, വ ണ്ടൂർ | യോഗം ചേർന്നിട്ടില്ല |
| 11. | കോഴിക്കോട് | ബേപ്പൂർ, ബാലുശ്ശേരി, കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത് | ഒരു തവണ |
| | | കൊടുവള്ളി, വടകര,കൊയിലാണ്ടി പേരാമ്പ്ര, തിരുവമ്പാടി | രണ്ട് തവണ |
| | | കുന്ദമംഗലം, കുറ്റ്യാടി, നാദാപുരം, എലത്തൂർ | 3 തവണ |
| 12. | വയനാട് | മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ | രണ്ട് തവണ |
| 13. | കണ്ണൂർ | ഇരിക്കൂർ, മട്ടന്നൂർ, കൂത്തുപറമ്പ്, അഴീക്കോട്, കല്യാശേരി, പയ്യന്നൂർ, തളിപ്പറ മ്പ്, കണ്ണൂർ, ധർമ്മടം, തലശ്ശേരി | ഒരു തവണ |
| | | പേരാവൂർ | രണ്ട് തവണ |
| 14. | കാസർഗോഡ് | മഞ്ചേശ്വരം, കാസർഗോഡ്, കാഞ്ഞങ്ങാട്, ഉദുമ, തൃക്കരിപ്പൂർ | 3 തവണ |

[signature]

അനുബന്ധം II

| ക്രമ നം. | ജില്ല | പരാതിയും സ്വീകരിച്ച നടപടിയും |
|---|---|---|
| 1. | തിരുവനന്തപുരം | യോഗങ്ങളിൽ പങ്കെടുത്ത ജനപ്രതിനിധികൾ കുടുംബശ്രീ ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം, ആശ്രയ പദ്ധതി വ്യാപനം, സംഘകൃഷി വിപുലീകരണം, പിന്നോക്ക-ന്യൂനപക്ഷ സമുദായാംഗങ്ങൾ ഉൾപ്പെട്ട അയൽക്കൂട്ട രൂപീകരണം, എല്ലാ പഞ്ചായത്തുകളിലും ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ രൂപീകരണം എന്നീ വിഷയങ്ങളാണ് പ്രധാനമായും ഉന്നയിച്ചത്. ടി വിഷയങ്ങളെല്ലാം തന്നെ മണ്ഡലാടിസ്ഥാനത്തിൽ ആവശ്യകത പരിഗണിച്ച് മുൻഗണനാക്രമത്തിൽ പരിഹരിച്ചു വരുന്നു. |
| 2. | കൊല്ലം | വിളിച്ചു ചേർത്ത യോഗങ്ങളിൽ പൊതുവായി ഉയർന്ന് വന്നത് ജനപ്രതിനിധികളുടെ പരാതികളല്ല മറിച്ച് ഓരോ മണ്ഡലങ്ങളിലേയും പ്രതിനിധികൾ വിവിധ മേഖലകളിൽ ഉന്നയിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. |
| 3. | പത്തനംതിട്ട | മോണിറ്ററിംഗ് കമ്മറ്റി കൃത്യമായി കൂടണമെന്നും കുടുംബശ്രീ അംഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കേണ്ടതാണെന്നും എം.എൽ.എമാർ ആവശ്യപ്പെട്ടു. കൃത്യമായി മോണിറ്ററിംഗ് കമ്മറ്റി കൂടുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കുടുംബശ്രീ അംഗങ്ങളുടെ പ്രശ്നാധിഷ്ഠിതമായ കാര്യങ്ങളിൽ ഇടപെട്ട് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 4. | ആലപ്പുഴ | പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| 5. | കോട്ടയം | പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| 6. | ഇടുക്കി | പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| 7. | എറണാകുളം | കുടുംബശ്രീയുടെ ആശ്രയ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ബഡ്സ് സ്കൂൾ, പുതിയ സംരംഭങ്ങൾ, ബാങ്കുമായുള്ള പ്രശ്നങ്ങൾ എന്നിവയാണ് പ്രധാനമായും യോഗത്തിൽ ചർച്ച ചെയ്തത്. ഇവയ്ക്കെല്ലാം അതാത് പഞ്ചായത്ത് പ്രസിഡന്റുമാരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. ബാങ്കിംഗ് ആർ.പിമാർ, എൽ.ഡി.എം. എന്നിവരുടെ സഹായത്തോടെ ബാങ്കുമായുള്ള പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 8. | തൃശൂർ | പരാതികളൊന്നും ലഭിച്ചിട്ടില്ല |
| 9. | പാലക്കാട് | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി പരിശീലനം മൂന്നു ദിവസം റസിഡൻഷ്യലായാണ് നടത്തുന്നത് ബുദ്ധിമുട്ടു ണ്ടാക്കുന്നു എന്ന പ രാതിയെത്തുടർന്ന് എം.എൽ.എ മാരുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പരിശീലനം നോൺറസിഡൻഷ്യലായി 4 ദിവസം നടത്താൻ തീരുമാനിച്ചു. അട്ടപ്പാടി സ്പെഷ്യൽ പാക്കേജ് പദ്ധതികൾ കൂടി അടുത്ത വിലയിരുത്തൽ യോഗങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. |
| 10. | മലപ്പുറം | പ്രസ്തുത മീറ്റിംഗുകളിൽ ഓരോ നിയോജക മണ്ഡലങ്ങളിലെ സി.ഡി.എസ് തല പ്രവർത്തനങ്ങളാണ് വിലയിരുത്തിയത്. ഇതിൽ വെച്ച് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ എം.എൽ.എമാർ വാഗ്ദാനം ചെയ്തു. സി.ഡി.എസും പഞ്ചായത്തും ഏകോപിച്ച് പ്രവർത്തിക്കുന്നതിനും ആശ്രയ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും പിന്നോക്കം നിൽക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എം.എൽ.എമാർ നൽകുകയുണ്ട ായി. പ്രധാനമായും ബാങ്കുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് സി.ഡി.എസ് ചെയർപേഴ്സൺമാർ ഉന്നയിച്ചത്. ഇതിന് ആവശ്യമായ ഇടപെടലുകൾ പഞ്ചായത്തുകൾ നടത്തണമെന്നും എന്നിട്ടും തീർപ്പാകാത്ത സ്ഥലങ്ങളിൽ എം.എൽ.എമാർ നേരിട്ട് ഇടപെടാമെന്നും ഉറപ്പ് നൽകുക യുണ്ട ായി. |
| 11. | കോഴിക്കോട് | മാച്ചിംഗ് ഗ്രാന്റ്, ലിങ്കേജ് സബ്സിഡി തുടങ്ങി വിവിധ കുടുംബശ്രീ പദ്ധതികളിൽ കുടുശ്ശികയായി സി.ഡി.എസ്സുകൾക്ക് നൽകാനുള്ള തുക സംബന്ധിച്ച പരാതികളാണ് പൊതുവെ ഉന്നയിക്കപ്പെട്ടത്. എല്ലാ കുടിശ്ശികയും ഡിസംബർ 8 മുതൽ 18 വരെ നടത്തുന്ന ഫയൽ അദാലത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 12. | വയനാട് | കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തുക യാണ് ചെയ്യാറുള്ളത്. |
| 13. | കണ്ണൂർ | പരാതികളൊന്നും ലഭിച്ചിട്ടില്ല |
| 14. | കാസർ ഗോഡ് | ബാങ്കുമായി ലിങ്ക് ചെയ്യുന്നതിനും വായ്പ ലഭ്യമാക്കുന്ന തിനും നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ജില്ലാ ബാങ്കേഴ്സ് മീറ്റിംഗ് ഇക്കാര്യം അവതരിപ്പിച്ച് പരി ഹാരം കാണുകയും ചെയ്തു. |

[signature]